അടിയന്തരപ്രമേയം

നിയമവിരുദ്ധ നിലം നികത്തൽ

മി. സ്പീക്കർ: നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികത്തിയ കുന്നത്തുനാട്ടിലെ 5.8365 ഹെക്ടർ സ്ഥലം പൂർവ്വസ്ഥിതിയിലാക്കണമെന്ന കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് നിലം നികത്താൻ അനുമതി നൽകിയ സർക്കാരിന്റെ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. പി. സജീന്ദ്രൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഏതാണ്ട് പതിനാല് വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയിട്ടുള്ള ഒരു പ്രവർത്തനത്തിന്റെ തുടർച്ചയാണിത്. M/s. സിന്തറ്റിക് പ്രോപ്പർട്ടീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. ജോർജ്ജ് പോൾ എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ കുന്നത്തുനാട് വില്ലേജിൽ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട 18 ഏക്കറോളം നിലം കെ.എൽ.യു.

ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം തരംമാറ്റുന്നതിനുവേണ്ടി എറണാകുളം ജില്ലാകളക്ടർക്ക് നൽകിയിരുന്ന അപേക്ഷ 02-02-2005-ന് ജില്ലാ കളക്ടർ നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും ലാന്റ് റവന്യൂ കമ്മീഷണർ അപ്പീൽ പരിഗണിച്ച് 23-02-2006 ലെ ഉത്തരവ് പ്രകാരം 5.8362 ഹെക്ടർ ഭൂമി തരംമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പാസാക്കിക്കൊണ്ട് പ്രസ്തുത ആക്ടിന്റെ പ്രാരംഭ തീയതിയായ 12-08-2008 തീയതി മുതൽ ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുകയും 5-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തി ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. ഈ സംഗതിയിൽ പ്രസ്തുത ഭൂമി 2008-നുമുമ്പ് നിലമായി നിലനിന്നിരുന്നതിനാൽ ഡാറ്റാബാങ്കിൽ നിലമായി ഉൾപ്പെടുകയുണ്ടായി. മാത്രമല്ല സിന്തറ്റിക്

പ്രോപ്പർട്ടീസിന്റെ കൈവശമുണ്ടായിരുന്ന പ്രസ്തുത ഭൂമി M/s. പീക്ക്സ് പ്രോപ്പർട്ടീസ് ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിലേയ്ക്ക് മാറ്റുകയും ചെയ്തു. പ്രസ്തുത ഭൂമി 2015-ൽ നികത്തിയതിനെത്തുടർന്ന് സ്റ്റോപ്പ് മെമ്മോ നൽകി തുടർനടപടി സ്വീകരിക്കുകയാണുണ്ടായത്. അതിനെത്തുടർന്ന് ജില്ലാകളക്ടർ പ്രസ്തുത വിഷയം പരിശോധിക്കുകയും അനധികൃതമായി നിലംനികത്തിയതാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. 26-09-2018-ലെ പ്രസ്തുത ഉത്തരവിൽ നികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരേണ്ടതാണെന്നും ആയതിന് ചെലവാകുന്ന തുക റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കി സർക്കാരിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണെന്നും ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ടി സ്ഥലങ്ങളുടെ ക്രയവിക്രയവും പോക്കുവരവും മരവിപ്പിച്ചും ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും അപ്പീൽ പരിശോധിച്ച് 31.01.2019-ന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കി അപേക്ഷകരുടെ സ്ഥലം ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തി ഉത്തരവ്

പുറപ്പെടുവിക്കുകയുമുണ്ടായി. അതിനെത്തുടർന്ന് ഈ വിഷയം സംബന്ധിച്ച് മാധ്യമങ്ങളിൽ വാർത്ത വന്നു. തുടർന്ന് ബന്ധപ്പെട്ട ഫയൽ വിളിക്കുകയും പരിശോധിക്കുകയും അതിന്റെയടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ നൽകിയ ഉത്തരവ് ഉൾപ്പെടെ റദ്ദാക്കിയിരിക്കുന്നത് ക്രമപ്രകാരമല്ലെന്ന് കണ്ടതിനെത്തുടർന്ന് 31.01.2019-ലെ സർക്കാർ ഉത്തരവ് മരവിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. അതനുസരിച്ച് 08.05.2019 ലെ ഉത്തരവ് പ്രകാരം 31.01.2019-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടി സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുത്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല എന്നാണ് പറയുവാനുള്ളത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, 'കൊല്ലനും അറിഞ്ഞില്ല, കൊല്ലത്തിയും അറിഞ്ഞില്ല തിത്തൈ എന്നൊരു കൊച്ചരിവാൾ' എന്നുപറഞ്ഞതുപോലെയാണ് കുന്നത്തുനാട്ടിലെ ഭൂമി വിവാദവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓർഡർ ഇറങ്ങിയിരിക്കുന്നത്. എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ, ടി

വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ 94/1 മുതൽ പല സർവ്വേ നമ്പരുകളിലായി കിടക്കുന്ന 5.8365 ഹെക്ടർ ഭൂമി ഏകദേശം 15 ഏക്കറോളം ഭൂമിയാണ്. ഡാറ്റാബാങ്കിൽ നിലമായി കിടക്കുന്ന ഈ ഭൂമി ഭരണസ്വാധീനം ഉപയോഗിച്ച് കരഭൂമിയാക്കി മാറ്റുവാൻ ബഹുമാനപ്പെട്ട എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവിനെ മറികടന്ന് ശരവേഗത്തിൽ ഗവൺമെന്റ് ഉത്തരവ് ഇറക്കിയതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യണമെന്നാണ് എന്റെ ഈ അടിയന്തരപ്രമേയത്തിലെ ആവശ്യം.

ഈ സ്ഥലത്തിന്റെ പ്രത്യേകത, ഇതൊരു കണ്ണായ സ്ഥലമാണ്. കിഴക്കുഭാഗത്ത് ആയിരക്കണക്കിന് ആളുകൾ വന്നുപോകുന്ന വണ്ടർലായും പടിഞ്ഞാട് കടമ്പ്രയാറും, മനോഹരമായ പുഴയാണ്, തെക്ക് ഭാഗത്ത് ഇൻഫോപാർക്കും സ്മാർട്ട് സിറ്റിയുമാണ്. പടിഞ്ഞാറ് കടമ്പ്രയാർ ടൂറിസത്തിന്റെ ഡെസ്റ്റിനേഷനാണ്. ഇത്രയും കണ്ണായ സ്ഥലത്തുള്ള 15 ഏക്കർ ഭൂമിയാണ് ഈ ഗവൺമെന്റ് വളരെ വേഗത്തിൽ ഉത്തരവിറക്കി കരഭൂമിയാക്കുവാൻ ഓർഡർ ഇറക്കിയത്. ടി വസ്തു 2006 ൽ അന്നത്തെ ലാന്റ് റവന്യൂ കമ്മീഷണറായിരുന്ന ശ്രീ. അൽഫോൺസ് കണ്ണന്താനം Kerala Land Utilization Order, 1967-ന്റെ

അടിസ്ഥാനത്തിൽ നികത്തുന്നതിനായി അനുമതി കൊടുത്തു. എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നതോടുകൂടി 2008-ന് മുൻപുള്ള നിലം നികത്താനുള്ള നിയമം അസാധുവാകുകയാണ് ചെയ്തിരിക്കുന്നത്. 2008-ന് മുൻപ് നികത്തിയ ഭൂമിക്കുമാത്രമേ 1967-ലെ Kerala Land Utilization Order ബാധകമാവുകയുള്ളൂ. ടി 15 ഏക്കർ ഭൂമി 2008-ന് മുൻപ് നികത്തിയിട്ടില്ലാത്തതിനാൽ ഡാറ്റാബാങ്കിൽ ഇപ്പോഴും നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. 26.09.2018-ലെ ബഹുമാനപ്പെട്ട എറണാകുളം ജില്ലാ കളക്ടർ ശ്രീ. മുഹമ്മദ് വൈ. സഫറുള്ളയുടെ ഉത്തരവ് അങ്ങ് പഠിച്ചിട്ടുണ്ടാകുമല്ലോ. 2013-14 കാലയളവിൽ മേപ്പടി സ്ഥലം മണ്ണിട്ട് നികത്തിയെന്ന് മുവാറ്റുപുഴ ആർ.ഡി.ഒ.യുടെയും ബന്ധപ്പെട്ട റവന്യൂ ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട കളക്ടറുടെ ഉത്തരവിൽ പറയുന്നുണ്ട്. ടി സ്ഥലത്തിന് എൽ.എ.ആർ. 947/2005-ാം നമ്പർ ഉത്തരവുപ്രകാരം Kerala Land Utilization Order പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ഭൂപരിവർത്തനത്തിന് ബഹുമാനപ്പെട്ട ലാന്റ് റവന്യൂ കമ്മീഷണറുടെ അനുമതി ലഭിച്ചതായി കാണുന്നു. എന്നാൽ കൈവശക്കാർ ടി ഉത്തരവുപ്രകാരമുള്ള land

conversion 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുൻപ് പൂർത്തിയാക്കിയിരുന്നില്ല എന്ന് കാണുന്നു. അതുകൊണ്ട് 2006-ൽ land conversion-ന് അനുമതി ലഭിച്ചിരുന്നുവെങ്കിലും 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 2013-14 കാലയളവിലാണ് ടി സ്ഥലങ്ങൾ മണ്ണിട്ട് നികത്തിയതെന്നും മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിൽ പറയുകയാണ്. 2015-ൽ മണ്ണിട്ട് നികത്തിയ സമയത്ത് അവിടത്തെ പ്രാദേശിക സി.പി.ഐ.(എം.) നേതാക്കൾ സമരവുമായി വന്നു. അവരവിടെ അന്ന് വലിയ പ്രക്ഷോഭം നടത്തി. സി.പി.ഐ.(എം.)ന്റെ സംഘടനയായ കർഷക തൊഴിലാളി യൂണിയൻ അവിടെ കൊടി നാട്ടുകയും പ്രസ്തുത നിലം നികത്താൻ പറ്റില്ലെന്ന് പറയുകയും ചെയ്തകാര്യം പത്രങ്ങളിൽ വാർത്തകൾ വന്ന് വിവാദമായിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടർ അഴിമതിയില്ലാത്തൊരു ഉദ്യോഗസ്ഥനാണ്. അതുകൊണ്ടാണ് ഭൂമാഫിയ സ്വാധീനിക്കാൻ ശ്രമിച്ചിട്ടും അദ്ദേഹം ശക്തമായ നിലപാടെടുത്തത്. എറണാകുളം ജില്ലാ കളക്ടർ എല്ലാ രേഖകളും സഹിതമാണ് ഉത്തരവ് ഇറക്കിയിരിക്കുന്നത്. അദ്ദേഹം അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം നേടിയിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിച്ച് മണ്ണിട്ട് നികത്തിയിട്ടുള്ള കുന്നത്തുനാട്

വില്ലേജ് ബ്ലോക്ക് നമ്പർ 36 റീ സർവ്വേ നമ്പർ എന്നിവയിൽപ്പെട്ട നിലങ്ങൾ പൂർവ്വാവസ്ഥയിൽ കൊണ്ടുവരുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടർ ആവശ്യമായ നടപടിയെടുക്കണമെന്നാണ് അഡ്വക്കേറ്റ് ജനറൽ പറഞ്ഞിരിക്കുന്നത്. കളക്ടറുടെ ഉത്തരവിനെതിരെ സ്പീക്ക്സ് പ്രോപ്പർട്ടീസ് ലിമിറ്റഡ്, ഒരു പ്രൈവറ്റ് കമ്പനിയാണ്, ഗവൺമെന്റിൽ അപ്പീലിന് കൊടുത്തു. അതുമുതലാണ് ഇതിലൊരു ugly hasty കാണാൻ കഴിയുന്നത്. സ്പീക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആരുടേതാണെന്ന് പറയാമോ; നമ്മളെല്ലാം ബഹുമാനിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ 'വെറുക്കപ്പെട്ടവൻ' എന്നുപറഞ്ഞ ഒരു വിവാദ വ്യവസായിയുടെ ബിനാമിയാണ് ഈ ഇടപാട് നടത്തിയിരിക്കുന്നത്. ഗവൺമെന്റിൽ ഈ ഓർഡർ വന്ന അന്നുമുതൽ എത്രവേഗത്തിലാണ് ഈ ഫയലുകൾ നീങ്ങിയതെന്ന് അങ്ങ് പരിശോധിക്കണം. ബഹുമാനപ്പെട്ട മന്ത്രി, അങ്ങയെ ഞാൻ കുറ്റം പറയില്ല. അങ്ങ് അറിഞ്ഞപ്പോൾത്തന്നെ നടപടിയെടുത്ത ആളായതുകൊണ്ട് അങ്ങയെ ഞങ്ങൾ കുറ്റംപറയാൻ തയ്യാറല്ല. പക്ഷേ അങ്ങയുടെ മുകളിൽ ഏതോ ഒരു ഓഫീസ് ഇടപെട്ടു. ആ ഓഫീസ് മുഖ്യമന്ത്രിയുടെ ഓഫീസാണ്. അങ്ങറിയാതെ മുഖ്യമന്ത്രിയുടെ

ഓഫീസിൽനിന്നുള്ള നിരന്തരമായ സമ്മർദ്ദമാണ് ഈ ഓർഡർ ഇറക്കുവാൻ കാരണം. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യൻ റിട്ടയർ ചെയ്യുന്ന അന്നാണ് ഈ ഓർഡർ ഇറക്കിയത്. അദ്ദേഹം എന്തിനുവേണ്ടിയാണ് ഈ ഓർഡർ ഇറക്കുവാൻ ഇത്ര ശുഷ്കാന്തി കാണിച്ചതെന്ന് മനസ്സിലാകുന്നില്ല. ഫയലുകൾ ഓരോന്നോരോന്നെടുത്ത് പരിശോധിക്കുമ്പോൾ 01.12.2018-ൽ നാല് സീറ്റുകളിലൂടെയാണ് ഒരേ സമയത്ത് പോയത്. എം.എൽ.എ.മാർ വികസന കാര്യങ്ങൾക്കായി ഫയലുകൾ നോക്കാൻ പോകുമ്പോൾ എത്ര നാളെടുക്കും. ഒരു ഫയൽ നീങ്ങാൻ മാസങ്ങളെടുക്കും. പക്ഷേ ഈ ഫയൽ നീങ്ങാൻ മിനിട്ടുകൾ മാത്രമേ എടുത്തിട്ടുള്ളൂ. തുമ്പയിൽനിന്നും റോക്കറ്റ് വിടുന്നതിലും ശരവേഗത്തിലാണ് ഈ ഫയലുകൾ നീങ്ങിക്കൊണ്ടിരുന്നത്. ഇതിന്റെ പിന്നിൽ ആരാണ് പ്രവർത്തിച്ചത്? ഇതിനകത്ത് കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ആരാണ് ഈ പണം വാങ്ങിയത് എന്നിവിടെ വ്യക്തമാക്കേണ്ടതായിട്ടുണ്ട്. 01.12.2018-ൽ നാല് സീറ്റുകളിലൂടെ അര മണിക്കൂർ വ്യത്യാസത്തിലാണ് പോയത്. ഏതെങ്കിലും ഫയൽ ഇത്രയും വേഗത്തിൽ പോയിട്ടുണ്ടോ; ഞങ്ങളെല്ലാം മണ്ഡലത്തിലെ വികസന കാര്യങ്ങൾക്കായി ഫയലുകളുടെ പിന്നാലെ

പോകുമ്പോൾ ഒരു ഫയലും ഇത്രയും വേഗത്തിൽ പോകില്ല. 31.01.2019-ൽ ഗവൺമെന്റ് ഓർഡർ ഇറങ്ങി. എത്ര സീറ്റുകൾ കൈമാറി. നിയമവകുപ്പിന്റെ ഉപദേശം വാങ്ങണം. ഇത്രയും സുപ്രധാനപ്പെട്ട ഒരു തീരുമാനം ഗവൺമെന്റ് എടുക്കുമ്പോൾ നിയമവകുപ്പിന്റെ ഉപദേശം വേണമെന്നുള്ളതുപോലും... നിയമവകുപ്പിലേയ്ക്ക് അയച്ചിരുന്നു. പക്ഷേ പെട്ടെന്നുതന്നെ തിരിച്ചുവിളിച്ചു. നിയമവകുപ്പിൽനിന്നും ഉപദേശം നേടിയില്ല. അതുകൂടാതെ ശ്രീ. പി. എച്ച്. കുര്യന്റെ നിർദ്ദേശമനുസരിച്ച് ഹിയറിംഗിന് വച്ചു. ഹിയറിംഗ് വച്ചപ്പോൾ ഈ സ്വകാര്യ വ്യക്തിയുടെ ആർഗ്യുമെന്റ് മാത്രമേ ഇതിൽ പറയുന്നുള്ളൂ. കളക്ടർക്കുവേണ്ടി ഹാജരായ ഡെപ്യൂട്ടി കളക്ടറുടെ ആർഗ്യുമെന്റ്സ് ഇതിൽ പറയുന്നില്ല. കളക്ടർക്കുവേണ്ടി ഹാജരായ ഡെപ്യൂട്ടി കളക്ടർ എന്താണ് പറഞ്ഞിട്ടുള്ളത് എന്ന് ഇതിൽ പറയുന്നില്ല. നേരെ മറിച്ച്, അപേക്ഷകൻ എന്തൊക്കെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടോ, അതെല്ലാം ഇതിലുണ്ട്. അപേക്ഷകൻ ഇതിനകത്ത് ഒരു കാര്യം പറയുന്നുണ്ട്, 25 വർഷമായ തെങ്ങുകൾ അവിടെ നിൽപ്പുണ്ട്. നികത്തിയ ഭൂമിയിൽ തെങ്ങുകൾ ഒന്നുമില്ല, കടമ്പ്രയാർ പുഴയുടെ തീരത്ത് 25 വർഷമായ തെങ്ങുകൾ ഉണ്ട്. ഇതെല്ലാം കൃത്യമായി ഈ ഭൂമി വിവാദ വ്യവസായിയുടെ ബിനാമിക്ക് കൊടുക്കാൻ വേണ്ടി മുഖ്യമന്ത്രിയുടെ

ഓഫീസിൽനിന്നും നിരന്തരമായ സമ്മർദ്ദമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുത്തിരിക്കുന്നത്.

അങ്ങ് സി.പി.ഐ.യുടെ മന്ത്രിയെന്നുള്ള നിലയിൽ ഞാൻ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്, ഇന്നത്തെ മനോരമയിൽ ഒരു വാർത്തയുണ്ട്, 'സി.പി.ഐ. ഉടക്കിൽ, റവന്യൂ മന്ത്രി മുഖ്യമന്ത്രിക്ക് കത്ത് കൈമാറി', അങ്ങ് ഇടയ്ക്കിടയ്ക്ക് ഒന്ന് ഉടക്കണം, അങ്ങ് പേടിച്ചിരിക്കണം, അങ്ങ് ഇടയ്ക്ക് ക്യാബിനറ്റ് ബഹിഷ്കരിക്കാൻ തീരുമാനിച്ചില്ലേ? അങ്ങനെയുള്ള തീരുമാനങ്ങളൊക്കെ ഇടയ്ക്ക് ഉണ്ടാകണം, ഇന്നത്തെ മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ കുന്നത്തുനാട് നിലം നികത്തൽ സ്പെഷ്യൽ; റവന്യൂവകുപ്പിന് ഇരട്ടത്താപ്പ് - സമാനമായ കേസ്സിൽ കളക്ടറുടെ നിരോധന ഉത്തരവ് റവന്യൂവകുപ്പ് ശരിവച്ചു. ചാലക്കുടി വരന്തരപ്പിള്ളി സ്വദേശി എ.കെ. സുകുമാരന്റെ നിലം നികത്തിയ കേസ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാണെന്ന് തൃശ്ശൂർ കളക്ടർ ഉത്തരവിട്ടിരിക്കുന്നു, ഇതേ കേസ്സാണ്. അതുപോലെ തന്നെ അടൂർ ഏനാത്ത് വില്ലേജിൽ രണ്ടാമത്തെ കേസ്സ് പി.ജി.പാപ്പച്ചൻ അടക്കമുള്ളവരുടെ പേരിലുള്ള നിലം ക്വാറി വേസ്റ്റിട്ട് നികത്തിയ സംഭവം നിയമത്തിന്റെ ലംഘനമാണെന്നും പൂർവ്വസ്ഥിതിയിലാക്കണമെന്നും പത്തനംതിട്ട ജില്ലാ

കളക്ടർ ഉത്തരവിട്ടിരിക്കുന്നു. ഇതെന്താണ്; സമാനമായ കേസ്സിൽ കുന്നത്തുനാട്ടിലെ മാത്രം വ്യത്യാസം വരുന്നത്, കുന്നത്തുനാട്ടിൽ മാത്രമെങ്ങനെയാണ് വ്യത്യാസം വരുന്നത്. അങ്ങ് ഒരു ഭാഗ്യമുള്ള മന്ത്രിയാണ്, കാരണം സി.പി.ഐ.-യുടെ പുതിയ മന്ത്രിമാരെ വച്ചപ്പോൾ, 4 മന്ത്രിമാരെ വച്ചു. അങ്ങ് മന്ത്രിയായത് നോംസിന്റെ അടിസ്ഥാനത്തിലാണ്. സി.പി.ഐ.(എം)-ൽ നോംസ് ഒന്നും ഇല്ലായിരുന്നു. നോംസ് ഉണ്ടായിരുന്നെങ്കിൽ ശ്രീ. രാജു എബ്രഹാമും ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. എസ്. ശർമ്മാജിയുമൊന്നും അവിടെ ഇരിക്കേണ്ട സ്ഥിതി വരില്ലായിരുന്നു. പക്ഷെ അങ്ങയുടെ പാർട്ടിയിൽ നോംസ് ഉണ്ടായിരുന്നു. ശ്രീ. കാനം രാജേന്ദ്രൻ സംസ്ഥാന കമ്മിറ്റി കൂടി പുറത്തിറങ്ങി പറഞ്ഞത് മന്ത്രിമാരെ തീരുമാനിച്ചിരിക്കുന്നു, ************[1] അങ്ങ് ഭാഗ്യമുള്ളവനാണ്. അതുകൊണ്ട് അങ്ങ് ശക്തമായ നിലപാടെടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ....(ബഹളം)........

<u>മി. സ്പീക്കർ</u> : അങ്ങ് കൺക്ലൂഡ് ചെയ്യൂ.. ഇരിക്കൂ..ഇരിക്കൂ...

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഈ

---

1 സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

നോംസ് വന്നതിനുശേഷം ശ്രീ. കെ. രാജൻ എല്ലാ ദിവസവും അയ്യഞ്ചുമൂട് പറിച്ചുകൊണ്ടിരിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പോയിന്റ് ഓഫ് ഓർഡർ.... ചില മനുഷ്യർക്ക് കഷണ്ടിയുണ്ടാകും, നര ബാധിച്ചിട്ടുണ്ടാകും, വ്യക്തിപരമായി അവഹേളിക്കുകയും പരിഹാസപ്പെടുത്തുകയും ചെയ്യുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ഓർഡറിലല്ല. കഷണ്ടിയിൽ അധിഷ്ഠിതമായ ഒരു ചർച്ചയും അനുവദിക്കുകയില്ല.

ശ്രീ. ഇ. പി. ജയരാജൻ: നിയമസഭാ അംഗങ്ങളേയും മന്ത്രിമാരേയും അപമാനിക്കുന്നത് തികച്ചും തെറ്റായിട്ടുള്ള നടപടികളാണ്. ഒന്നും പറയാനില്ലാത്തതുകൊണ്ട് അവഹേളനത്തിന്റെ വഴികൾ സ്വീകരിക്കുകയാണ്.

മി. സ്പീക്കർ: പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അനാവശ്യ പദപ്രയോഗങ്ങൾ ഒന്നും രേഖയിലുണ്ടാകുകയില്ല. ശ്രീ. വി. പി. സജീന്ദ്രൻ അങ്ങ് പ്രസംഗം പൂർത്തീകരിക്കുക. ....(ബഹളം)........ ഇരിക്കൂ... ഇരിക്കൂ... അനാവശ്യമായതൊന്നും രേഖകളിലുണ്ടാവില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ അതിന്മേൽ

തീരുമാനമെടുത്തു കഴിഞ്ഞു. അതിൽ നമുക്ക് തർക്കമൊന്നുമില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിനിടയിൽ ....(ബഹളം)........

മി. സ്പീക്കർ: ശ്രീ. വി.പി. സജീന്ദ്രന്റെ അനാവശ്യ പദപ്രയോഗങ്ങൾ ഒന്നും രേഖകളിൽ ഉണ്ടാകുകയില്ല. നിങ്ങൾ ഇരിക്കൂ... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്റെ ആവശ്യം ഈ ഫയലുകൾ ഇത്ര ശരവേഗത്തിൽ തീരുമാനമാക്കി എടുത്തിരിക്കുന്ന ഗവൺമെന്റ് ഉത്തരവ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ട്. ആ മരവിപ്പ് തുടരുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഐ.എ.എസ്. ഓഫീസർമാർ അടക്കമുള്ള ഉദ്യോഗസ്ഥർ ഉണ്ട്. ആ ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടികളെടുക്കാൻ, അടിയന്തരമായി ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഈ അടിയന്തരപ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ആമുഖമായി ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അല്ലാതെ മറ്റൊരു കാര്യവും ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് ഇവിടെ അവതരിപ്പിക്കാൻ ഉണ്ടായില്ല. ഈ വസ്തുതകളെല്ലാം ഞാൻ നേരത്തെ പറഞ്ഞു, ഏതുകാലത്താണ് ഇത് തുടങ്ങിയതെന്നും കെ.എൽ.യു. ഓർഡറിന്റെ അടിസ്ഥാനത്തിലായിരുന്നു

തുടക്കമെന്നും 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം വരുന്നത് അതിനുശേഷമാണെന്നും ആ നിയമം വന്നതിനുശേഷം അവിടെ നേരത്തെ ഇതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെങ്കിൽ അത് പിന്നീട് നികത്താൻ പറ്റുകയില്ലെന്നും അത് അങ്ങനെ നികത്തുമ്പോഴാണ്, നികത്തിയകാലം എപ്പോഴാണെന്ന് പറഞ്ഞുവല്ലോ, 2015 എന്ന് ഞാൻ കൃത്യമായി പറഞ്ഞിട്ടുണ്ട്, അതിന്റെയടിസ്ഥാനത്തിൽ തുടർന്ന് ആ നികത്തലിനെതിരെ പൂർവ്വസ്ഥിതിയിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് വന്നത് 2018 ലാണ്. ആ 2018-ലെ ഉത്തരവ് വരുന്ന കൂട്ടത്തിൽ ആ ഉത്തരവിനോടൊപ്പം തന്നെ ഭൂമിയുടെ ക്രയവിക്രയം ഉൾപ്പെടെയുള്ളത് തടഞ്ഞുവച്ചുകൊണ്ടുള്ള ഒരു നിർദ്ദേശം കൂടി അദ്ദേഹം അതിന്റെ കൂട്ടത്തിൽ പറഞ്ഞിരുന്നു. ഈ പറഞ്ഞ പരിശോധന അതിന്റെയടിസ്ഥാനത്തിൽ അപ്പീൽ വന്നപ്പോൾ, ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി അത് പരിശോധിച്ച സന്ദർഭത്തിൽ, ഈ ഉത്തരവ് മൊത്തത്തിൽ റദ്ദു ചെയ്തപ്പോൾ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആക്ടിലെ വ്യവസ്ഥയാണ് സെക്ഷൻ 13 അനുസരിച്ച് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി നികത്തിയിട്ടുണ്ടെങ്കിൽ അത് പൂർവ്വസ്ഥിതിയിലാക്കണമെന്നത് ആക്ടിലെ

വ്യവസ്ഥയ്ക്കനുസൃതമായി ജില്ലാ കളക്ടർ നൽകിയ ഉത്തരവായിരുന്നു. ആക്ടിലെ വ്യവസ്ഥയ്ക്കനുസൃതമായി എടുത്ത തീരുമാനമുൾപ്പെടെ ഈ ഉത്തരവ് റദ്ദു ചെയ്തിരിക്കുന്നു എന്നതുകൊണ്ടാണ് അത് മരവിപ്പിക്കാനുള്ള തീരുമാനം എടുത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട മറ്റ് ഒട്ടേറെ കാര്യങ്ങൾ ഇവിടെ എം.എൽ.എ. ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം ഇതൊക്കെ എന്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നതെന്ന് അറിയില്ല. ഒരടിസ്ഥാനവുമില്ലാത്ത കാര്യങ്ങളാണ്. അത് ശ്രദ്ധയിൽപ്പെട്ടയുടനേ, സാധാരണഗതിയിൽ ഇത്തരം അപ്പീലുകൾ വരുന്നത് സെക്രട്ടറി ലെവലിലാണ്. സെക്രട്ടറി ലെവലിൽ പരിശോധന നടത്തി അവർ ഉത്തരവ് പുറപ്പെടുവിച്ച്, മാസങ്ങൾക്കുശേഷം ഇതുമായി ബന്ധപ്പെട്ട വാർത്തകൾ പത്രമാധ്യമങ്ങളിലും, ദൃശ്യ മാധ്യമങ്ങളിലൊക്കെ വരാൻ തുടങ്ങിയപ്പോഴാണ് എന്താണ് വിഷയമെന്ന് പരിശോധിക്കുന്നതിന് വേണ്ടിയാണ് ബന്ധപ്പെട്ട റെക്കോർഡുകൾ വിളിച്ചു വരുത്തിയത്. അതിന്റെയടിസ്ഥാനത്തിലാണ് ആ ഫയലുകളിൽ നിന്ന് ഈ കാര്യങ്ങൾ ബോധ്യപ്പെടുകയും മരവിപ്പിക്കാൻ നടപടി സ്വീകരിക്കുകയും തുടർന്ന് എ.ജി.യുടെ നിർദ്ദേശത്തിനുവേണ്ടി അയയ്ക്കുകയും ചെയ്തിരിക്കുന്നത്. ഇക്കാര്യങ്ങളൊക്കെത്തന്നെ ആമുഖമായി ഞാൻ ഇവിടെ

ചൂണ്ടിക്കാണിച്ചതാണ്. അതിന്റെയടിസ്ഥാനത്തിൽ അതിൽ കവിഞ്ഞ ഒരു കാര്യവും പ്രത്യേകമായി അദ്ദേഹത്തിന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഉണ്ടായിരുന്നില്ല. ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ഇവിടെ പറയുകയുണ്ടായി.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഉത്തരവ് മരവിപ്പിച്ചുവെന്ന് പറഞ്ഞു. ജില്ലാ കളക്ടറുടെ ഉത്തരവ് അഡീഷണൽ സെക്രട്ടറി റദ്ദാക്കിയത് ലാ ഡിപ്പാർട്ടുമെന്റിന്റെയോ എ.ജി.യുടെയോ അഭിപ്രായം വാങ്ങിച്ചിട്ടാണോ; അതുസംബന്ധിച്ച് ഫയലിലുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: നിയമ വകുപ്പിലേക്ക് അയച്ചതിനുശേഷം അവിടെനിന്നും നിർദ്ദേശം ലഭിക്കുന്നതിനുമുൻപ് തന്നെ അത് തിരിച്ചുവാങ്ങി അതിൽ ഉത്തരവ് പുറപ്പെടുവിച്ചു എന്നതിന്റെയടിസ്ഥാനം ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ, ജില്ലാ കളക്ടറുടെ ഉത്തരവെന്ന് പറയുന്നത് എ.ജി.യുടെ നിർദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ആ ഉത്തരവ് റദ്ദു ചെയ്യുമ്പോൾ സ്വാഭാവികമായും ഭൂമിയുടെ ക്രിയവിക്രയം ഉൾപ്പെടെ തടഞ്ഞുകൊണ്ടുള്ള കളക്ടറുടെ നടപടിയിൽ ന്യായീകരണമില്ലെന്നുള്ളത് വസ്തുതയാണ്.

അതേസമയം ആക്ടനുസരിച്ച് കളക്ടറിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച്, സെക്ഷൻ 13 അനുസരിച്ചുള്ള നടപടി പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടി കൊടുത്തതുൾപ്പെടെ റദ്ദു ചെയ്യപ്പെട്ടു എന്നതുകൊണ്ടാണ് മരവിപ്പിച്ചതെന്ന് ഞാൻ നേരത്തെ തന്നെ പറഞ്ഞു. ആ വിഷയത്തിൽ ഈ കാര്യത്തിനുമപ്പുറത്ത് പുതുതായി ഒരു വിഷയവും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടില്ലാത്ത അവസരത്തിൽ ഇത്തരമൊരു വിഷയം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്ന് വർഷത്തെ പ്രകടനത്തെക്കുറിച്ച് ഒരു പ്രോഗ്രസ്സ് റിപ്പോർട്ടിറക്കിയ സർക്കാരിന്റെ യഥാർത്ഥ ചിത്രമാണ് ഇവിടെ കാണുന്നത്. ഒരു ഭാഗത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ വേണ്ടി മന്ത്രി നെൽവയൽ വർഷം ആഘോഷിക്കുകയും, അതേ മന്ത്രിയുടെ പാർട്ടിക്കാരൻ ഭരിക്കുന്ന റവന്യൂ വകുപ്പിലാണ് ഒരുഭാഗത്ത് നെൽവയൽ നികത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. കുന്നത്തുനാട്ടിൽ നടന്നത് എല്ലാ

നിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ടുള്ള നടപടിയാണ്. 5.8365 ഹെക്ടർ വയൽ നികത്താനാണ് സർക്കാർ ഉത്തരവ്. ചൂർണ്ണിക്കരയിലാകട്ടെ വയൽ നികത്തിയത് ക്രമപ്പെടുത്താൻ ലാന്റ് റവന്യൂകമ്മീഷണറുടെ പേരിൽ വ്യാജ രേഖയിറക്കിയെന്നുള്ളതും പത്രവാർത്തയാണ്. I sympathize with Shri E. Chandrasekharan. റവന്യൂവകുപ്പ് ഒരു നാഥനില്ലാത്ത കളരിയായി മാറിയിരിക്കുന്നുവെന്നാണ് റവന്യൂവകുപ്പ് മന്ത്രിയുടെ ഉത്തരത്തിൽ നിന്ന് വ്യക്തമാകുന്നത്. ഒരുഭാഗത്ത് വ്യാജരേഖയുണ്ടാക്കി ആളുകൾ ഭൂമി നികത്തുകയും ഭൂമി തട്ടിയെടുക്കുകയും ചെയ്യുന്നു. വേറെകുറെ ആളുകൾ അപ്പുറത്ത് നെൽവയൽ നികത്തിക്കൊണ്ടിരിക്കുന്നു. നെൽവയൽ തരിശ് ഇടുകയാണെങ്കിൽ പിടിച്ചെടുക്കുമെന്ന് പറയുന്ന സർക്കാരാണ് നെൽവയൽ നികത്താനുള്ള ഉത്തരവിട്ടത്. നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് വയൽ നികത്തുന്നതാണോ സർക്കാരിന്റെ ഹരിതകേരളം; ഇതാണോ ഹരിതകേരളം പദ്ധതി? നാടുനീളെ ഹരിതകേരളത്തിനുവേണ്ടി പ്രഖ്യാപിക്കുന്ന മന്ത്രിമാരും മുഖ്യമന്ത്രിയും ഈ നെൽവയൽ നികത്തിക്കൊണ്ടിരിക്കുന്ന നടപടിയേയും വ്യാജ ഉത്തരവുണ്ടാക്കി ചൂർണ്ണിക്കരപോലുള്ള സ്ഥലങ്ങളിൽ ഭൂമി കയ്യടക്കുകയും ചെയ്യുന്ന നടപടികളെപ്പറ്റിയും ഒന്നും പറയുന്നുമില്ല. പുറത്ത് ഒന്നു പറയുകയും

മറിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സർക്കാരിന്റെ ചില...

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ചൂർണ്ണിക്കരയിലെ വില്ലേജ് ഓഫീസർ വളരെ ജാഗ്രതയോടുകൂടി നോക്കിയതുകൊണ്ടാണ് ആ വ്യാജ ഉത്തരവ് കണ്ടുപിടിക്കാൻ കഴിഞ്ഞത്. അതുസംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടയുടനെ അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിൽ വിജിലൻസ് അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയുമാണ്. വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളെ കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുള്ള ആളുകൾ ഉൾപ്പെടെയുള്ളവരുടെ കാര്യങ്ങളും വിശദാംശങ്ങളും നിങ്ങൾക്കെല്ലാപേർക്കും അറിയാവുന്നതാണ്. ആരായിരുന്നു, ഇതിന് നേതൃത്വം നൽകിയതെന്ന കാര്യം കൂടി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, റവന്യൂ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന കെടുകാര്യസ്ഥതയുടെ ഒന്നുരണ്ട് ഉദാഹരണങ്ങൾ മാധ്യമങ്ങളിൽ വന്നതാണ് ഞാൻ ഇവിടെ പറഞ്ഞത്. എത്രയോ കാര്യങ്ങൾ ഇനിയും പുറത്തുവരാനിരിക്കുന്നു. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നഗ്നമായി ലംഘിച്ചുകൊണ്ട് എങ്ങനെയാണ് സർക്കാരിന്റെ

അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവിറക്കുന്നത്; ഇതിന്റെ പിന്നിൽ ആരാണ് പ്രവർത്തിച്ചത്; അഡീഷണൽ എ.ജി.- യുടെ നിയമോപദേശവും കളക്ടറുടെ തീരുമാനവും മറികടന്നുകൊണ്ട് ഇങ്ങനെയൊരു തീരുമാനം എടുക്കേണ്ട കാര്യം എന്തായിരുന്നു? എന്റെ കയ്യിൽ ഇതുസംബന്ധിച്ച ഫയലിന്റെ മുഴുവൻ കോപ്പിയുമുണ്ട്. We may seek the opinion of the law department, ഇത് അയയ്ക്കുകയാണ്. ശ്രീ. പി. എച്ച്. കുര്യൻ ആദ്യം ഈ ഫയൽ അയയ്ക്കുകയാണ്. അതേ പി. എച്ച്. കുര്യൻ തന്നെയാണ് ആ ഫയൽ തിരിച്ചുവാങ്ങിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. വി. പി. സജീന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ശരവേഗതയിലായിരുന്നു എന്നകാര്യം അതിന്റെ സമയം നോക്കിയാൽ അറിയാം. ഈ ഫയൽ നോട്ടിംഗിലൂടെ ഞങ്ങൾക്ക് കാണാൻ കഴിയുന്നത് ശരവേഗതയിലാണ് ഫയലിന്റെ നീക്കങ്ങൾ നടക്കുന്നത് എന്നാണ്. ലോ ഡിപ്പാർട്ടുമെന്റിന്റെ ഒപ്പീനിയൻ അറിയണമെന്ന് ആവശ്യപ്പെട്ട അതേ സമയത്തുതന്നെ നിയമവകുപ്പിന്റെ ഉപദേശം വേണ്ട, ഫയൽ തിരിച്ചുവിളിക്കാൻ ഓറലായി പറയുന്നു. അസാധാരണമായ തിടുക്കം ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്നു. കുന്നത്തുനാട്ടിൽ സ്വിക്ക്സ് പ്രോപ്പർട്ടീസിന്റെ ഉടമസ്ഥതയിലുള്ള ഭൂമി നികത്തുന്നതിന് വേണ്ടിയുള്ള

നടപടി ഉണ്ടായിരുന്നു. അങ്ങ് പറഞ്ഞത് കറക്ടാണ്, അന്നത് സിന്തറ്റിക് ഗ്രൂപ്പിന്റെ പേരിലായിരുന്നു. 2006-ൽ കേരള ലാൻഡ് യൂട്ടിലൈസേഷൻ നിയമമുള്ള കാലത്ത്, ആ നിയമമനുസരിച്ചാണ് അന്ന് ഉത്തരവ് കൊടുത്തത്. 2008-ൽ തണ്ണീർത്തട-നെൽവയൽ നിയമം വന്നതോടുകൂടി കെ.എൽ.യു. നിയമം അസാധുവാകുകയാണ് ചെയ്തത്. ഈ നിയമസഭ പാസ്സാക്കിയ നെൽവയൽ-തണ്ണീർത്തട നിയമമനുസരിച്ച് കെ.എൽ.യു. ഓർഡർ ഇല്ലാതാകുകയാണ്. 2014-ൽ നിലമുടമകൾ അത് നികത്തിയെടുക്കാൻ നോക്കി. ജനങ്ങൾ സംഘടിച്ചു, രാഷ്ട്രീയ പാർട്ടികൾ ഇറങ്ങി. അത് ക്രമസമാധാനപ്രശ്നമായി മാറി. മൂവാറ്റുപുഴ ആർ.ഡി.ഒ. ഇടപെട്ട് അന്വേഷണം നടത്തി. വളരെ വ്യക്തമായ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. മൂവാറ്റുപുഴ ആർ.ഡി.ഒ. -യുടെ റിപ്പോർട്ട് വളരെ വ്യക്തമാണ്. 2008-ലെ നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ ലംഘനമാണെന്നും അതുകൊണ്ട് ഒരു കാരണവശാലും ഭൂമി നികത്താൻ പാടില്ലെന്നുമുള്ള ഉത്തരവാണ് മൂവാറ്റുപുഴ ആർ.ഡി.ഒ. കൊടുത്തിരിക്കുന്നത്. നെൽവയൽ -തണ്ണീർത്തട നിയമത്തിലെ സെക്ഷൻ (13) അനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്നാണ് ആർ.ഡി.ഒ. ഉത്തരവിട്ടത്. കളക്ടർ ഈ റിപ്പോർട്ട് മാത്രമല്ല സ്വീകരിച്ചത്, കളക്ടർ എ.ജി.- യുടെ

റിപ്പോർട്ടും വാങ്ങിച്ചു. അങ്ങയുടെ കീഴിലുള്ള കളക്ടർ എ.ജി. -യുടെ റിപ്പോർട്ട് വാങ്ങിയതിനുശേഷം അങ്ങെന്തിനാണ് വീണ്ടും എ.ജി. -യുടെ റിപ്പോർട്ട് വാങ്ങുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എ.ജി.- യുടെ റിപ്പോർട്ട് നേരത്തേ ഇവിടെ ഫയലിൽ ഉണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇ. ചന്ദ്രശേഖരന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അങ്ങിത് മരവിപ്പിക്കുക മാത്രമാണ് ചെയ്തത്. എന്നിട്ട് അങ്ങ് എ.ജി.-യുടെ റിപ്പോർട്ടും നിയമോപദേശവും തേടുകയാണ്. A.G is already given a legal opinion. അങ്ങേയ്ക്ക് അതെടുത്ത് നോക്കിയാൽപ്പോരേ? അങ്ങ് സമ്മർദ്ദത്തിന് വഴങ്ങരുതെന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാകാര്യവും എനിക്കറിയാം. Why are you asking for a fresh legal opinion? അങ്ങയുടെ കീഴിലുള്ള കളക്ടറുടെ കയ്യിൽ ഈ ലീഗൽ ഒപ്പീനിയൻ നിലനിൽക്കുമ്പോൾ അങ്ങത് മരവിപ്പിച്ചിട്ട് വീണ്ടുമൊരു ലീഗൽ ഒപ്പീനിയൻ തേടുന്നതിന്റെ പ്രസക്തിയെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നേരത്തേ ലീഗൽ ഒപ്പീനിയൻ വാങ്ങിയത് ജില്ലാ കളക്ടറാണ്. കളക്ടർ വാങ്ങിയ ലീഗൽ ഒപ്പീനിയന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഭൂമി

പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തീരുമാനമെടുത്തു. ആ തീരുമാനത്തിൽ ഇവിടെ അപ്പീൽ വരികയും അപ്പീലിൽ നേരത്തേയുള്ളതിൽനിന്നും വ്യത്യസ്തമായ തീരുമാനമെടുക്കുകയും ചെയ്തപ്പോൾ, ആ ഉത്തരവ് മരവിപ്പിക്കാൻ തീരുമാനമെടുത്ത സാഹചര്യത്തിലാണ് ഇപ്പോഴെടുത്തിട്ടുള്ള തീരുമാനത്തിന്റെ നിയമവശം എ.ജി. -യോട് അന്വേഷിച്ചത്.

Shri Ramesh Chennithala: Respected Minister, I sympathise with you again. ഇതിനകത്ത് വളരെ വ്യക്തമാണ്, നെൽവയൽ -തണ്ണീർത്തട നിയമത്തിന്റെ സെക്ഷൻ (13) എല്ലാവരും പരിശോധിക്കണം. അഡ്വക്കേറ്റ് ജനറൽ നോക്കിയാലും, നിയമജ്ഞനല്ലാത്ത ഒരു വ്യക്തി നോക്കിയാൽപ്പോലും സെക്ഷൻ (13) അനുസരിച്ച് ഇത് ചെയ്യാൻ സാധിക്കില്ല. കളക്ടർ ചോദിച്ചാലും മന്ത്രി ചോദിച്ചാലും നിയമത്തിൽ എങ്ങനെയാണ് വ്യത്യാസം വരിക? ഇതിൽ ഒരു പ്രോസസ്സുമില്ല. കളക്ടർക്ക് കിട്ടിയ നിയമോപദേശം തന്നെയായിരിക്കും അങ്ങേയ്ക്കും കിട്ടാൻ പോകുന്നത്. നിയമം നിയമത്തിന്റെ അടിസ്ഥാനത്തിലല്ലേ ചെയ്യാൻ സാധിക്കുകയുള്ളൂ. നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ സെക്ഷൻ (13) അനുസരിച്ച് മാത്രമേ അഡ്വക്കേറ്റ് ജനറലിനാണെങ്കിലും സോളിസിറ്റർ ജനറലിനാണെങ്കിലും ഒപ്പീനിയൻ കൊടുക്കാൻ സാധിക്കുകയുള്ളൂ. അങ്ങെന്താ

ഈ പറയുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വെറുതെ ആളുകളെ വല്ലാത്ത അവസ്ഥയിലാക്കുന്ന ഒരു സാഹചര്യം എന്തായാലും ഗുണകരമല്ല. ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചു, ജില്ലാ കളക്ടറുടെ ഉത്തരവിൽ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനോടൊപ്പംതന്നെ ഭൂമിയുടെ ക്രയവിക്രയം ഉൾപ്പെടെയുള്ളവ തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചിരുന്നു. ഇതിന് നിയമപരമായി സാദ്ധ്യതയില്ലാത്തതാണ്. അത്തരമൊരു നിലപാട് സ്വീകരിച്ചതുകൊണ്ട് അത് നീക്കം ചെയ്യുന്നതിന് പകരം ഉത്തരവ് മൊത്തം ആക്ടിലെ വ്യവസ്ഥകളടക്കം റദ്ദ് ചെയ്യാനുള്ള തീരുമാനമെടുത്ത അഡീഷണൽ സെക്രട്ടറിയുടെ ഉത്തരവ് മരവിപ്പിക്കുമ്പോൾ, തുടർന്ന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചാണ് എ.ജി. -യുടെ ഉപദേശം തേടിയത്. അതല്ലാതെ നേരത്തെ ചോദിച്ചതിനുമായി ഇതിന് ബന്ധമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ കയ്യിലുള്ളത് എറണാകുളം ജില്ലാകളക്ടർ ശ്രീ. മുഹമ്മദ് വൈ. സഫീറുള്ള സ്വീകരിച്ച നടപടിക്രമമാണ്. മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 9.03.2015-ലെ റിപ്പോർട്ട്, കുന്നത്തുനാട് അഡീഷണൽ തഹസിൽദാരുടെ റിപ്പോർട്ടുകൾ, കുന്നത്തുനാട്

വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്, കുന്നത്തുനാട് കൃഷി ഓഫീസറുടെ റിപ്പോർട്ട്, അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം എന്നിവയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം തീരുമാനമെടുത്തത്. ഇതെല്ലാം ഇതിനകത്തുണ്ട്, അങ്ങ് ആയിരം തവണ നിയമോപദേശം ചോദിച്ചാലും കേരള നിയമസഭ പാസ്സാക്കി നിലനിൽക്കുന്ന നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവർക്ക് നിയമോപദേശം നൽകാൻ സാധിക്കുകയുള്ളൂ. സമയം വൈകിക്കാനാണ് ഇത് ചെയ്യുന്നത്. You are buying the time. അങ്ങ് ആരെയോ തൃപ്തിപ്പെടുത്താൻവേണ്ടി ഇത് ചെയ്യുകയാണ്. അങ്ങ് എത്ര താമസിപ്പിച്ചാലും ഈ നിയമത്തിന് വിരുദ്ധമായി അങ്ങയുടെ പേന ചലിക്കില്ല എന്ന് ശ്രീ. ഇ. ചന്ദ്രശേഖരൻ, ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങേയ്ക്ക് എവിടെപ്പോയാലും കഴിയില്ല, ഇത് ആർക്കുവേണ്ടിയാണ് ചെയ്യുന്നതെന്ന് നാട്ടിൽപാട്ടാണ്. ഇവിടെയില്ലാത്ത ഒരാളെക്കുറിച്ച് ഞാൻ പേര് പറയുന്നില്ല, നേരത്തേ പറഞ്ഞുകഴിഞ്ഞു, ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കറുത്ത കൈകൾ ആരുടേതാണെന്ന് എല്ലാവർക്കും അറിയാം. ഞാനതിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷെ, നിയമം എല്ലാവർക്കും ഒരുപോലെയാകണം. നിയമം രണ്ടുതരത്തിലാകാൻ പാടില്ല.

ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞുകഴിഞ്ഞു, ഏനാത്ത് ഉള്ള ആൾ നിലം നികത്തിയാൽ ഒരു നിയമം, ചൂർണ്ണിക്കര നികത്തിയാൽ വേറൊരു നിയമം, കുന്നത്തുനാട് നികത്തിയാൽ വേറൊരുനിയമം. ഇതെങ്ങനെയാണ് നടക്കുന്നത്? എറണാകുളം ജില്ലാകളക്ടറുടെ ഉത്തരവ് ഇവിടെ ഭേദഗതി ചെയ്യുമ്പോൾ പത്തനംതിട്ട ജില്ലാകളക്ടർ കൊടുത്ത റിപ്പോർട്ട് അംഗീകരിക്കുന്നു. പാവം ഇതൊന്നും ശ്രീ. ഇ. ചന്ദ്രശേഖരൻ അറിയുന്നില്ല എന്നതാണ് വാസ്തവം. അദ്ദേഹം അറിയാതെയാണ് കാര്യങ്ങൾ നടക്കുന്നത്. പോലീസ് കമ്മീഷണറേറ്റ് ഉണ്ടാക്കുന്നതിനെപ്പറ്റി ഞാൻ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചിരുന്നു. പോലീസ് കമ്മീഷണറേറ്റിന് മജിസ്റ്റീരിയൽ അംഗീകാരം കൊടുക്കുമോ എന്ന് ഞാൻ ചോദിച്ചപ്പോൾ കളക്ടർമാർക്കും പോലീസിനും മജിസ്റ്റീരിയൽ അംഗീകാരം കൊടുക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അതെങ്ങനെയാണെന്ന് എനിക്ക് അറിയില്ല, നടക്കാത്ത കാര്യമാണ് അദ്ദേഹം സഭയിൽ പറഞ്ഞത്. സെക്ഷൻ 107 എങ്ങനെ രണ്ടുപേർക്ക് കൊടുക്കും; 'കാപ്പ' ചുമത്തുന്നതിനുള്ള അധികാരം എങ്ങനെ രണ്ട് പേർക്ക് കൊടുക്കും? റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥന്മാരുടെ അധികാരം പോലീസ് എടുക്കുന്ന കാര്യം അദ്ദേഹം

അറിഞ്ഞിട്ടില്ല. ആ വിവരംപോലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ തൊട്ടടുത്ത സീറ്റിലാണ് ഇരിക്കുന്നത്, എന്നിട്ടും അദ്ദേഹത്തിന് കത്ത് കൊടുക്കേണ്ടിവന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ചാൽപ്പോരേ? ഇത് പറ്റില്ല എന്നുപറഞ്ഞ് കത്ത് കൊടുക്കുകയാണ്. കൂട്ടുത്തരവാദിത്തമില്ലാത്ത ഒരു ഗവൺമെന്റാണ് ഇതെന്നുള്ളതിന് ഇതിൽപ്പരം ഒരു തെളിവ് വേണോ? റവന്യൂ വകുപ്പ് ആരാണ് ഭരിക്കുന്നത് എന്ന് എനിക്ക് അറിയില്ല. മൂന്നാറിൽ മുഖ്യമന്ത്രിയല്ലേ കാര്യങ്ങൾ ചെയ്തത്, അതിൽ റവന്യൂ വകുപ്പിന് എന്ത് കാര്യമാണുണ്ടായിരുന്നത്. മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ പങ്കെടുക്കാതെ ശ്രീ. ഇ. ചന്ദ്രശേഖരൻ അന്ന് കോട്ടയത്ത് പോയി എന്ന കാര്യം ഞങ്ങൾ സഭയിൽ പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് വന്നതുമുതൽ റവന്യൂവകുപ്പിന്റെ ഭരണത്തിലുള്ള മുഖ്യമന്ത്രിയുടെ കൈകടത്തലിനെ സംബന്ധിച്ച് ഇവിടെ എല്ലാപേരും സൂചിപ്പിച്ച കാര്യമാണ്. ഞങ്ങൾ അതിലേയ്ക്കൊന്നും പോകുന്നില്ല. ഒരേയൊരു ചോദ്യമാണ് എനിക്ക് മന്ത്രിയോട് ചോദിക്കാനുള്ളത്; ഈ ഉത്തരവിനെ റദ്ദാക്കുമെന്ന് സത്യസന്ധമായി ഈ സഭയിൽ അങ്ങേയ്ക്ക് പറയാൻ കഴിയുമോ; ഈ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി എടുക്കുമോ; നെൽവയൽ-തണ്ണീർത്തട

നിയമം ലംഘിച്ചുകൊണ്ട് തണ്ണീർത്തട നിയമത്തിന് വിരുദ്ധമായി നടപടികൾ സ്വീകരിച്ച കളക്ടറുടെ ഉത്തരവിന് വിരുദ്ധമായി ഹിയറിംഗ് നടത്തി ഉത്തരവിറക്കിയ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി എടുക്കുമോ; ലോ-ഡിപ്പാർട്ടുമെന്റിന് കൊടുത്ത ഫയൽ വാക്കാൽ പറഞ്ഞ് തിരിച്ചുവാങ്ങി ഉത്തരവിട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ അങ്ങ് നടപടി എടുക്കുമോ; മരവിപ്പിച്ചതുകൊണ്ട് മാത്രം കാര്യമില്ല. 'It is dereliction of duty' നിയമത്തിന് വിരുദ്ധമായി ചെയ്ത കാര്യമാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ):</u> സർ, ഈ ഉത്തരവ് എറണാകുളം ജില്ലാ കളക്ടർ മരവിപ്പിക്കുകയും പൂർവ്വസ്ഥിതിയിലാക്കാനുള്ള ഉത്തരവ് ഇറക്കുകയും ചെയ്തത് 2018-ൽ ഈ ഗവൺമെന്റ് വന്നപ്പോഴാണ്. ഞാൻ അങ്ങയോട് ചോദിക്കുന്നത് ഈ പറയുന്ന വിവാദമായിരിക്കുന്ന സ്ഥലം നികത്തിയിരിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന 2015-ലാണ്. ഇവിടെ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതനുസരിച്ചാണെങ്കിൽ 2008-ലെ നെൽവയൽ - തണ്ണീർത്തട നിയമം നിലനിൽക്കെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ഈ നിലം നികത്തുന്നതിനുവേണ്ടിയിട്ടുള്ള നിയമവിരുദ്ധമായ നടപടി ഉണ്ടായത്. അന്ന്

ഈ പ്രമേയ അവതാരകൻ അവിടത്തെ എം.എൽ.എ. ആയിരുന്നു; അങ്ങ് മന്ത്രിയായിരുന്നു; ഈ ഗവൺമെന്റ് തന്നെയായിരുന്നു. നിങ്ങൾ എന്ത് നടപടിയാണ് സ്വീകരിച്ചിരുന്നത്; അതിനും കൂടി മറുപടി പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളം മുഴുവൻ നെൽവയൽ വർഷം ആചരിച്ച ബഹുമാനപ്പെട്ട മന്ത്രി ഇതിനെതിരായി സംസാരിക്കുമെന്നാണ് ഞാൻ കരുതിയത്. ശ്രീ. ഇ. ചന്ദ്രശേഖരന്റെ ഉത്തരവിനെതിരായി അല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവിനെതിരായി അങ്ങ് സംസാരിക്കുമെന്നാണ് പറഞ്ഞത്. അങ്ങ് അതല്ലേ പറയേണ്ടത്; അങ്ങയുടെ മന്ത്രിയെ ഉപദേശിക്കുകയല്ലേ വേണ്ടത്; എനിക്ക് രണ്ട് ചോദ്യമേയുള്ളൂ. ഒന്ന്, ഈ ഉത്തരവ് റദ്ദ്ചെയ്യാൻ ഗവൺമെന്റ് തയ്യാറുണ്ടോ; രണ്ട്, അനധികൃതമായി നിയമവിരുദ്ധമായി ഹിയറിംഗ് നടത്തി നടപടികൾ സ്വീകരിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാണോ; ഈ രണ്ട് കാര്യങ്ങളാണ് ഗവൺമെന്റ് പറയേണ്ടത്; ഇത് രണ്ടും പറഞ്ഞില്ല. വീണ്ടും ശ്രീ. ഇ. ചന്ദ്രശേഖരൻ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടുമെന്ന് പറയുന്നത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്. അത് നിയമപരമായിത്തന്നെ തെറ്റാണ്, അതുകൊണ്ട് ഈ ഗവൺമെന്റിന്റെ

തെറ്റായ നടപടി ഇവിടെ നിലനിൽക്കുന്നു, അത് ഉടനെ റദ്ദ് ചെയ്യുകയാണ് വേണ്ടത്. ഇല്ലെങ്കിൽ ആളുകൾ കോടതിയിൽ പോകും, അത് റദ്ദ് ചെയ്യും. അക്കാര്യത്തിൽ സംശയവും വേണ്ട. അതുകൊണ്ട് സർക്കാരിന്റെ വിശദീകരണത്തിൽ ഞങ്ങൾക്ക് തൃപ്തിയില്ല. ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, സെക്ഷൻ 13 പ്രകാരം അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി പൂർവ്വസ്ഥിതിയിൽ ആക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞു. സ്ഥലത്തിന്റെ പോക്കുവരവും ക്രയവിക്രയവും മരവിപ്പിച്ചുകൊണ്ടുള്ള കളക്ടറുടെ ഉത്തരവിനെകുറിച്ച് ഇവിടെ പറഞ്ഞു. അതിനുശേഷം ഇത് അപ്പീലിന് വന്നെന്ന് പറഞ്ഞു. അപ്പീലിന് വന്നശേഷം പിന്നെ നടന്നകാര്യമെല്ലാം മൂടിവച്ച് അവസാനം അത് മരവിപ്പിച്ചു എന്നുള്ള കാര്യത്തിലേയ്ക്കാണ് അദ്ദേഹം വരുന്നത്. പക്ഷെ, അതിനിടയിൽ നടന്നിട്ടുള്ളതാണ് ഞങ്ങളിവിടെ

ഉന്നയിക്കുന്ന ഏറ്റവും വലിയ കാര്യം. 2015-ലാണ് ആർ.ഡി.ഒ. ഈ ഫയലിന്റെ റിപ്പോർട്ട് കൊടുക്കുന്നത്. മൂവാറ്റുപുഴ നടന്നിട്ടുള്ള വിഷയത്തെക്കുറിച്ച് 15-ഏക്കർ നികത്തുന്നതിന് ആദ്യത്തെ ആർ.ഡി.ഒ. റിപ്പോർട്ട് വരുന്നത് 2015-ലാണ്. അതിന്റെ അടിസ്ഥാനത്തിൽ വന്ന നിയമ നടപടികളുടെ ഭാഗമായാണ് കളക്ടർക്ക് ഈ തീരുമാനത്തിൽ എത്താൻ കഴിയുന്നതും റവന്യൂ-കൃഷി ഉദ്യോഗസ്ഥരുടെ വാദം കേട്ട് ഈ തീരുമാനത്തിൽ എത്തിയതും. പക്ഷെ, ഞാൻ ചോദിക്കുന്നത്; കളക്ടർ എടുത്ത തീരുമാനത്തിൽ എ.സി.എസ്. തന്നെ നിയമോപദേശം വേണമെന്ന് തിരിച്ചയച്ച ഫയൽ പിന്നെ എങ്ങനെയാണ് നിയമോപദേശമില്ലാതെ തിരിച്ചുവന്നത്. അതിന്റെ മുകളിലെ ഏകദേശം തീയതികൾ നോക്കിയാൽ തന്നെയറിയാം. ജനുവരി എട്ടിനും മുപ്പത്തൊന്നിനുമിടയിൽ 23 ദിവസംകൊണ്ടാണ് ഹിയറിംഗ് നടത്തി കളക്ടറുടെ ഉത്തരവിനെ മറികടന്നുകൊണ്ടുള്ള തീരുമാനത്തിൽ എത്തുന്നത്. ഈ ഘട്ടത്തിൽ എപ്പോഴെങ്കിലും റവന്യൂവകുപ്പുമന്ത്രി ഈ വിഷയം അറിഞ്ഞിരുന്നോ; ഇത്രയും സുപ്രധാനമായിട്ടുള്ളൊരു വിഷയം ഇത്ര ദിവസംകൊണ്ട് ശരവേഗത്തിൽ ഈ നിയമത്തെ കാറ്റിൽ പറത്തികൊണ്ട് കളക്ടറുടെ ഉത്തരവിനെ മറികടന്നുകൊണ്ട് ഇങ്ങനെയൊരു തീരുമാനം

എടുത്തതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആരാണ്? ഏതൊക്കെ ഉദ്യോഗസ്ഥന്മാരാണ്? എ.സി.എസ്. മുതൽ അഡീഷണൽ സെക്രട്ടറികളടക്കം അണ്ടർ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥർ ഇതിൽ കാണിച്ചിട്ടുള്ള അമിത താല്പര്യത്തെ അങ്ങേയ്ക്ക് ഇപ്പോഴും ബോധ്യമായിട്ടില്ലേ; അതുകൊണ്ട് ഇത് മരവിപ്പിച്ചാൽ മതിയോ; മരവിപ്പിക്കുക എന്നുപറഞ്ഞാൽ ഒരു ഫ്രീസ് സ്റ്റേജിൽ നിർത്തുന്നുവെന്നാണ് ഇതിന്റെ അർത്ഥം. എന്നിട്ടും ഇങ്ങനെയൊരു നിയമത്തെ മറികടന്നുകൊണ്ട് നികത്തിയ വിഷയം സംബന്ധിച്ച്, അത് റദ്ദാക്കേണ്ടതാണെന്നുള്ള ഒരു ധാരണയിൽ ഇപ്പോഴും റവന്യൂമന്ത്രി എത്തിയിട്ടില്ലേ; ഇത്ര ശരവേഗത്തിൽ ചെയ്യുന്നതിനുവേണ്ടി മുൻകൈ എടുത്ത് നിയമോപദേശം പോലും ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം കളക്ടർ നടപ്പിലാക്കിയ കാര്യത്തെ വീണ്ടും നിയമോപദേശത്തിന് വേണ്ടി അയച്ചു. അത് പിന്നെ വേണ്ടെന്ന് തീരുമാനിക്കുകയും അഡ്വക്കേറ്റ് ജനറലിന്റെ തീരുമാനത്തിന് വിരുദ്ധമായ തീരുമാനം എടുക്കുകയും ചെയ്ത ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ യാതൊരു നടപടിയും എടുക്കേണ്ടതില്ലേ; അതുകൊണ്ട് ഞങ്ങൾ ആവശ്യപ്പെട്ട രണ്ട് കാര്യങ്ങളിതാണ്. ഒന്ന്, ഉദ്യോഗസ്ഥന്മാർ ഇതിൽ കാണിച്ചിട്ടുള്ള അമിത

താല്പര്യം. ഇത് മുകളിൽ നിന്നുള്ള ആളുകളുടെ ഉപദേശപ്രകാരം ചെയ്തതാണ് എന്നുള്ള എ.സി.എസ്.-ന്റെ പരാമർശവും ഇതിനിടയിൽ വന്നിട്ടുണ്ട്. എവിടെ നിന്നാണ് ഈ നിർദ്ദേശങ്ങൾ വന്നിട്ടുള്ളതെന്ന് അന്വേഷിക്കേണ്ടേ? ഇതിനെ നിസാരമായി കണ്ടാൽ മതിയോ; പ്രത്യേകിച്ച് റവന്യൂവകുപ്പുമന്ത്രി, അങ്ങയുടെ പോലും ശ്രദ്ധയിൽ വരാതെ, അങ്ങേയ്ക്ക് ഇത് ഫ്രീസ് ചെയ്യാനുള്ള ഒരു അവസ്ഥ എങ്ങനെ വന്നു എന്നുള്ളത് പരിശോധിക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല അതുകൊണ്ട് ഈ രണ്ട് കാര്യത്തിലും മറുപടി കിട്ടാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങിപോകുകയാണ്. അതുകൊണ്ട് അങ്ങയുടെ തന്നെ നേതാവ് ആയിരുന്ന, ഗുരുസ്ഥാനത്ത് നിന്ന ഒ. എൻ. വി. കുറുപ്പ് ഭൂമിക്കൊരു ചരമഗീതത്തിൽ പറയുന്നുണ്ട്.

"ഇനിയും മരിക്കാത്ത ഭൂമി!
നിന്നാസന്ന - മൃതിയിൽ നിനക്കാത്മശാന്തി!
നിനക്കാത്മശാന്തി!"

ഈ ഒരു അവസ്ഥയിലേക്ക് ഭൂമിയെ എത്തിക്കാതിരിക്കാൻ ആ ഗുരുവിന്റെ ശിഷ്യന്മാർ പരിശ്രമിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനും, എന്റെ കക്ഷിയും ഇറങ്ങിപോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, സുതാര്യമല്ലാത്ത കാര്യങ്ങളാണ്. ജില്ലാകളക്ടർ ഒരു ഉത്തരവ് ഇറക്കിയത് ആർ.ഡി.ഒ. തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം തേടിയാണ് ജില്ലാകളക്ടർ ആ ഉത്തരവ് ഇറക്കിയത്. സെഷൻ -13 അനുസരിച്ചുള്ള ജില്ലാകളക്ടറുടെ ആ ഉത്തരവിനെ എങ്ങനെ ചോദ്യം ചെയ്യാൻ കഴിയും. എല്ലാ നിയമോപദേശങ്ങളും തേടിയിട്ടാണ് ചെയ്തത്. എ.ജി.-യുടെ നിയമോപദേശമുണ്ട്. അതിനപ്പുറത്തേക്ക് ആ ഉത്തരവ് ഇത്ര വിവാദപരമായകാര്യം മന്ത്രി കണ്ടിട്ടില്ല. സ്വാഭാവികമായും മന്ത്രിയുടെ ശ്രദ്ധയിൽ വരേണ്ടതല്ലേ; വന്നിട്ടുണ്ടെങ്കിൽ ഇതിന്റെ അകത്ത് എന്ത് അപാകതയാണ് ചൂണ്ടിക്കാണിക്കാനുള്ളത്; പിന്നെങ്ങനെ ആ ഉത്തരവ് റദ്ദാക്കും; ഇതിൽ റദ്ദാക്കാനുള്ള ഒരു ന്യായീകരണവുമില്ല. ജില്ലാകളക്ടർ ആർ.ഡി.ഒ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ നിയമോപദേശവും തേടിയാണ് ഉത്തരവിറക്കിയത്. അതുകൊണ്ട് ഇത് മരവിപ്പിക്കലല്ല. സെക്രട്ടേറിയറ്റിൽ നിന്നിറങ്ങിയ ഉത്തരവ്

റദ്ദാക്കലാണ് ചെയ്യുന്നത്. നിയമോപദേശങ്ങളെല്ലാം നേരത്തെ ഇവിടെയുണ്ട്. ഇനിയൊരു നിയമോപദേശത്തിന്റെ ആവശ്യമില്ല. അതുകൊണ്ട് ഈ കാര്യത്തിൽ വിവരിക്കാൻ കഴിയാത്ത ദുരൂഹമായ കാര്യങ്ങൾ ഉണ്ടെന്ന് ആർക്കും തോന്നും. അങ്ങയുടെ നിഷ്പക്ഷത തെളിയിക്കുന്നതിന് അടിയന്തരമായ തീരുമാനം, മരവിപ്പിക്കലല്ല, ഇത് റദ്ദാക്കണം. ആ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് , പൊതുജനങ്ങൾക്ക് വലിയ ചിന്താകുഴപ്പം ഉണ്ടാക്കുന്ന, സംശയമുണ്ടാക്കുന്ന സാഹചര്യത്തിൽ ഈ ദുരൂഹത നിലനിർത്തുന്നതിൽ കാണിക്കുന്ന അലംഭാവം മാറ്റണം. അദ്ദേഹത്തിന് ഒരു പങ്കും ഇതിലില്ല എന്ന രീതിയിൽ ഒഴിഞ്ഞുമാറാൻ കഴിയില്ല. റവന്യൂമന്ത്രി എന്നുള്ള നിലയ്ക്ക് അദ്ദേഹം നടപടി സ്വീകരിക്കണം, നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും, എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, 2015-ലാണ് മൂവാറ്റുപുഴ ആർ.ഡി.ഒ. ഇത് അനധികൃതമാണ് എന്ന് കണ്ടെത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി

ചിരിക്കുമ്പോഴും അത് മനസ്സിലാക്കണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, 2015-ൽ മണ്ണിട്ട ആ സന്ദർഭത്തിൽത്തന്നെ മൂവാറ്റുപുഴ ആർ.ഡി.ഒ. ഇത് അനധികൃതമാണെന്ന തീരുമാനമെടുക്കുകയും അത് സ്റ്റോപ്പ് ചെയ്യിക്കുകയും ചെയ്തതാണ്. അത് പിന്നീട് ഉണ്ടായിരുന്ന തുടർനടപടികളുടെ ഭാഗമായി 2018 സെപ്റ്റംബർ.....

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സ്റ്റോപ്പ് ചെയ്തിട്ടില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, സ്റ്റോപ്പ് ചെയ്തു. അങ്ങ് അവിടെ ചെന്ന് നോക്കിയാൽ അറിയാൻ കഴിയും. ഇപ്പോഴത്തെ എറണാകുളം കളക്ടർ ഇത് പൂർവ്വസ്ഥിതിയിലാക്കാനും ഇതിനുവേണ്ടിയുള്ള ചെലവുകൾ ഈ ഉടമയിൽ നിന്നുതന്നെ ഈടാക്കാനും ഉത്തരവിട്ടത് 2018, സെപ്റ്റംബർ 26-നാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോല, അദ്ദേഹം അത് ചെയ്തത് എ.ജി.-യുടെ ഉപദേശം വാങ്ങിയതിനുശേഷമാണ്. പിന്നീടാണ് ശരവേഗത്തിൽ ഇത് നീങ്ങുന്നത്. നവംബർ 13-ാം തീയതി അപ്പീൽ കൊടുക്കുന്നു, ജനുവരി 31-ന് എ.സി.എസ്. ഉത്തരവിട്ടിരിക്കുന്നു. എറണാകുളം ജില്ലയിൽ ഇലക്ട്രോണിക്സ് പാർക്ക്..... കെ.എസ്.ഐ.ഡി.സി.-യുടെ ഒരു

പ്രോജക്ടാണ്. അഞ്ഞൂറ് ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന തരത്തിൽ വിഭാവനം ചെയ്ത ഒരു പദ്ധതിയാണിത്. അത് തണ്ണീർത്തടങ്ങളാണ്. അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല എന്ന് ഫയലിൽ ആവർത്തിച്ചാവർത്തിച്ച് എഴുതിയ ഒരു എ.സി.എസ്. ആയിരുന്നു ഇദ്ദേഹമെന്നത് എനിക്കറിയാം. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഉള്ള ഒരു പദ്ധതിയായിരുന്നു ഇത്. പിന്നീട് നൂറ് ഏക്കറിലേയ്ക്ക് ഈ പദ്ധതി ചുരുക്കി. അതിൽ നീർത്തടങ്ങളൊഴിച്ചുള്ള സ്ഥലങ്ങളാണ് ഇപ്പോൾ നവീകരിക്കാനായി കെ.എസ്.ഐ.ഡി.സി. പ്രോജക്ട് കൊണ്ടുവരുന്നത്. നവംബർ 13-ാം തീയതി സ്വീകരിക്കുന്ന അപ്പീൽ, ജനുവരി 31-ാം തീയതി ഈ കമ്പനിക്ക് അനുകൂലമായ നിലപാട് എടുത്തിരിക്കുന്നത് അങ്ങനെയുള്ള ഒരു എ.സി.എസ്. ആണ്. അത് മന്ത്രി അറിയാതെ എടുക്കുക എന്ന് പറയുന്നത്..... ആ ഉദ്യോഗസ്ഥരാണോ അങ്ങയുടെ ഈ ഡിപ്പാർട്ട്മെന്റ് കൈകാര്യം ചെയ്യുന്നത്? അങ്ങേയ്ക്ക് എന്താണ് ഇതിനകത്തുള്ള അധികാരമെന്ന് അങ്ങ് സ്വയം ചിന്തിക്കേണ്ടതായിട്ടുണ്ട്. ഇവിടെ, അങ്ങേയ്ക്ക് ഇതിൽ പങ്കില്ല എന്നുണ്ടെങ്കിൽ ഇത് മരവിപ്പിക്കുകയല്ല വേണ്ടത്, ഇത് റദ്ദാക്കാൻ തയ്യാറാകണം. ഇത്തരത്തിൽ നിലപാടുകൾ സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ കൃത്യമായ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കാനുള്ള

ആർജ്ജവം ഗവൺമെന്റ് കാണിക്കണം എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ നഗ്നമായ നിയമലംഘനം നടക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ വളരെയേറെ വ്യാപിച്ചിരിക്കുന്നു. കയ്യേറ്റങ്ങളെ സാധൂകരിക്കുന്ന അനവധി കാര്യങ്ങൾ..... ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇന്നത്തെ മംഗളം ദിനപ്പത്രത്തിൽത്തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇടുക്കിയിൽ വൈദ്യുതിയുമായി ബന്ധപ്പെട്ട്, വൈദ്യുതി കൊടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പും വൈദ്യുതി വകുപ്പും തമ്മിലുള്ള ആശയക്കുഴപ്പങ്ങളെക്കുറിച്ച് ഇന്നത്തെ മംഗളം ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നതായി കാണാൻ കഴിയും. വ്യാപകമായ കയ്യേറ്റങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെമ്പാടും നടക്കുന്നു. ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊണ്ടിട്ടില്ല എന്നത് മനസ്സിലാക്കുന്നു. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്ന് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇവിടെ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ,

രാജ്യത്തിന്റെ ഭൂമി സംരക്ഷണത്തിനുവേണ്ടി പാസ്സാക്കിയിട്ടുള്ള നിയമങ്ങളൊക്കെ എങ്ങനെ ഉദ്യോഗസ്ഥന്മാരും ചില രാഷ്ട്രീയക്കാരും മറ്റുള്ളവർക്കുവേണ്ടി അട്ടിമറിക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ ചിത്രമാണ് പുറത്ത് വന്നിട്ടുള്ളത്. അതിനെപ്പറ്റി ഒന്ന് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടാൽ, ഒരു ചർച്ച നടത്തി മുഴുവൻ വിവരങ്ങളും പുറത്തുവരണമെന്ന് ആവശ്യപ്പെട്ടാൽ അത് അംഗീകരിക്കാൻ തയ്യാറായില്ലെങ്കിൽ, ഇത് എന്തോ 'something fishy' ആണ്, തെറ്റായ കാര്യമാണ്. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭയിൽ നിന്ന് പുറത്തുപോയി.)

ശ്രീ. പി. സി. ജോർജ്: സർ, പോയിന്റ് ഓഫ് ഓർഡർ.... 303.

മി. സ്പീക്കർ: ഇതിന് അങ്ങേയ്ക്ക് സമയം തരാമെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങയുടെ ഔദാര്യം കൊണ്ടാണ് ഈ വിഷയം ഒരു അടിയന്തരപ്രമേയമായത്. ശ്രീ. വി. പി. സജീന്ദ്രന് ഇത് അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ അനുമതി കൊടുത്ത അങ്ങയുടെ ഔദാര്യം. ഇപ്പോൾ എന്താണ് ഇതിന്റെ പ്രസക്തി? വളരെ പ്രധാനപ്പെട്ട ഒരു

കാര്യം ഇത് ആരാണ് നികത്തിയത് എന്നുള്ളതാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇത് നികത്തുക. ആരാണ് അനുവാദം കൊടുത്തത്? അത് അന്വേഷിക്കേണ്ടേ? യു.ഡി.എഫ്. നികത്തുക, യു.ഡി.എഫ്. തന്നെ അടിയന്തരപ്രമേയം കൊണ്ടുവരിക, എൽ.ഡി.എഫ്. നോക്കി നിൽക്കുക, എൽ.ഡി.എഫ്. ഉപദേശം കൊടുക്കുക. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ചേർന്ന് നടത്തുന്ന ഒരു കൊള്ളയല്ലേ ഇത്? ഇത് യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ലായിരുന്നുവെന്ന് മാത്രമല്ല..... എത്രയും വേഗം..... ഈ മന്ത്രിയുടെ മറുപടിയിലും തെറ്റുണ്ട്. ഈ നടപടി ശരിയല്ലെന്നും ശക്തമായ റൂളിംഗ് അങ്ങ് നൽകണമെന്നും തന്നെയാണ് എന്റെ അഭിപ്രായം.

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)